**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - തിരുവനന്തപുരം, പത്തനംതിട്ട, വയനാട് ജില്ലകളിലെ യോഗ്യരായ പ്യൂൺമാർക്ക് 3/8/2006 ലെ സ ഉ(എം.എസ്) നമ്പർ 186/06/തസ്വഭവ പ്രകാരം പ്രൊമോഷൻ നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.എ.കമറുദ്ദീൻ മുതൽ പേർ ഫയൽ ചെയ്ത കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സഉ.(ആർ.റ്റി)നം.3385/2014/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,19/12/2014**

---

പരാമർശം:- 1) സഉ(എം.എസ്) 186/2006/തസ്വഭവ തീയതി 03/08/2006.
2) സഉ(പി) നമ്പർ 01/2014/ ഉഭപവ തീയതി 3/01/14
3) സഉ(എം.എസ്) നമ്പർ 21/14/ഉഭപവ. തീയതി 19/7/14.
4) ശ്രീ.എ.കമറുദ്ദീൻ മുതൽപേരുടെ 23/04/2014 ലെ നിവേദനം.
5) TA.6911/12 ൻ മേൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18/03/2014 ലെ ഉത്തരവ്.

## ഉത്തരവ്

കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസിലെ യോഗ്യരായ പ്യൂൺ/ പാർട്ട് ടൈം/ഫുൾടൈം കണ്ടിജന്റ് ജീവനക്കാരെ ക്ലാർക്ക് തസ്തികയുടെ മൊത്തം ഒഴിവിന്റെ 10% ൽ നിയമിക്കാമെന്ന പരാമർശം 1 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, വയനാട് ജില്ലകളിലൊഴികെയുള്ള ജില്ലകളിൽ നിന്നും 141 പ്യൂൺമാർക്ക് പ്രൊമോഷൻ നൽകിയിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ മേൽ മൂന്നു ജില്ലകളിലെ ജീവനക്കാർക്ക് പ്രൊമോഷൻ നടത്തിയിരുന്നില്ല എന്നും തങ്ങൾക്ക് മേൽ ഉത്തരവ് പ്രകാരം പ്രൊമോഷൻ ലഭിക്കാതെ വന്നതിനെത്തുടർന്ന് പ്രൊമോഷൻ ലഭിക്കുവാൻ നിർദ്ദേശം നൽകണം എന്നും ആവശ്യപ്പെട്ട് ആ ജില്ലകളിൽ ജോലി ചെയ്യുന്ന ശ്രീ.എ.കമറുദ്ദീൻ മുതൽ പേർ ഫയൽ ചെയ്ത TA 6911/12 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 18/03/2014 ൽ പുറപ്പെടുവിച്ച ഉത്തരവിൽ പരാതിക്കാരെ നേരിൽകേട്ട് മൂന്നു മാസത്തിനുള്ളിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം പരാതിക്കാരേയും പഞ്ചായത്ത് വകുപ്പിലെ ഉദ്യോഗസ്ഥരേയും തദ്ദേശസ്വയം ഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു.

പരാമർശം 1 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റു ജില്ലകളിലെ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിച്ചതുപോലെ തിരുവനന്തപുരം, പത്തനംതിട്ട, വയനാട് ജില്ലകളിലേയും അന്നത്തെ എൽ.ഡി ക്ലർക്കുമാരുടെ കേഡർ സ്ട്രെങ്ത് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും ശേഖരിച്ച് അതിന്റെ അഞ്ചുശതമാനം തസ്തികക ളിലേയ്ക്ക് പരാതിക്കാർക്കും സമാനജീവനക്കാർക്കും പ്രൊമോഷൻ നൽകാൻ കഴി യുമോ എന്ന കാര്യം വിശദമായി പരിശോധിച്ചു.

ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിരവധി കേസുകളും ഉത്തരവുകളും ഉണ്ടായിട്ടുള്ളതാണ്. 21265/2009 നമ്പർ റിട്ട് ഹർജിയിൽ 29/07/2009 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ സർക്കാർ തലത്തിൽ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നില്ല എന്ന തീരുമാനത്തിന്റെ വെളിച്ചത്തിൽ 03/08/2006 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകിയ 141 പ്യൂൺമാർ റിവർട്ട് ചെയ്യപ്പെടേണ്ട താണെന്ന് ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായിട്ടുള്ളതാണ്.

പരാമർശം 2,3 എന്നീ ഉത്തരവുകൾ പ്രകാരം വിവിധ വകുപ്പുകളിലെ ക്ലാസ്സ് IV ജീവനക്കാർ/ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് യോഗ്യതയുടേയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ അതത് വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലെ കേഡർ സ്ട്രെങ്ത്തിന്റെ 10% ഒഴിവിലേയ്ക്ക് നേരിട്ട് പ്രൊമോഷൻ നൽകാൻ ഉത്തരവായിരുന്നു എന്നതിനാലും ജി.ഒ(എം.എസ്) 186/2006/തസ്വഭവ തീയതി 03/08/2006 നമ്പർ ഉത്തരവ് WP© 32167/2006, 12903/2007, 10505/2007 എന്നീ കേസുകളിലെ 31/10/2008 ലെ വിധിന്യായ പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതിനാലും പരാതിക്കാരുടെ ആവശ്യം പരിഗണിക്കു വാൻ നിർവ്വാഹമില്ല.

ബഹു.ഹൈക്കോടതിയുടെ WP© 21265/09-ാം നമ്പർ കേസിലെ 29/07/2009ലെ വിധിന്യായപ്രകാരം നാളിതുവരെ സർക്കാർ, 141 പ്യൂൺമാരെ റിവർട്ട് ചെയ്യുകയോ 03/08/2006 ലെ സഉ(എം.എസ്) 186/2006/തസ്വഭവ എന്ന ഉത്തരവ് പ്രകാരം സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുകയോ ചെയ്യാത്ത സാഹചര്യത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിലെ അന്നത്തെ എൽ.ഡി.ക്ലാർക്കുമാരുടെ കേഡർ സ്ട്രെംഗ്ത് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും ശേഖരിച്ച് അതിന്റെ 5% തസ്തികകളിലേയ്ക്ക് പരാതിക്കാർക്കും സമാനജീവനക്കാർക്കും പ്രൊമോഷൻ നൽകുന്നത് നിയമപരമായിട്ടുള്ളതല്ല.

മേൽ സാഹചര്യത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിലെ പ്യൂൺമാർക്ക് 03/08/2006 ലെ സഉ(എം.എസ്) നമ്പർ 186/06/തസ്വഭവ പ്രകാരം പ്രൊമോഷൻ നൽകണമെന്ന ശ്രീ.എ.കമറുദ്ദീൻ മുതൽപേരുടെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

TA 6911/12 നമ്പർ അന്യായത്തിൻമേൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 18/03/2014 ൽ പുറപ്പെടുവിച്ച ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

1. അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ,തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. തിരുവനന്തപുരം/ പത്തനംതിട്ട/ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ
4. ശ്രീ.എ.കമറുദ്ദീൻ,പ്യൂൺ,അയിരൂർ ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട.
5. ശ്രീ.ആന്റണി അലക്സാണ്ടർ,പ്യൂൺ, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
6. ശ്രീ.പി.മുഹമ്മദ് അഷറഫ്,പ്യൂൺ,മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത്, മുള്ളൻകൊല്ലി,വയനാട്.
7. ശ്രീ.പ്രേമനൻ ജെ, പ്യൂൺ,ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം
8. ശ്രീ.എസ്.സജിത്കുമാർ, പൂൺ, നന്ദിയോട് ഗ്രാമ പഞ്ചായത്ത്, നന്ദിയോട്, തിരുവനന്തപുരം
9. ശ്രീമതി.ശ്യാമള.റ്റി. പ്യൂൺ, നെല്ലനാട് ഗ്രാമ പഞ്ചായത്ത്, വെഞ്ഞാറമൂട് തിരുവനന്തപുരം
10. ശ്രീ.രാമചന്ദ്രൻ.റ്റി.ആർ, പ്യൂൺ, മുപ്പൈനാട് ഗ്രാമ പഞ്ചായത്ത്, വടുവൻചാൽ,വയനാട്
11. ശ്രീമതി. ബിന്ദു.ജി. പ്യൂൺ, ഏനാദിമംഗലം ഗ്രാമ പഞ്ചായത്ത്, ഏനാദിമംഗലം, പത്തനംതിട്ട.
12. ശ്രീമതി.ലത. സി.ജി പ്യൂൺ, കടപ്ര ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം.
14. അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) തിരുവനന്തപുരം.
15. നിയമവകുപ്പ് (11/11/2014ലെ 23060/സ്യൂട്ട്11(1)/14/നിയമം പ്രകാരം.)
16. ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്(15/10/2014 ലെ 21928/ബി2/14/ഉഭപവ പ്രകാരം)
17. ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ